**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 823** **26-07-2021 - ൽ മറുപടിയ്ക്ക്**

**എസ്.എസ്.എൽ.സി പ്ലസ് ടു പരീക്ഷയിൽ ഗ്രേസ് മാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ വർഷത്തെ എസ്.എസ്.എൽ.സി., പ്ലസ് ടു എന്നീ പരീക്ഷകളിൽ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | 2020-21 അക്കാദമിക വർഷത്തെ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | മുൻവർഷങ്ങളിലെ പാഠ്യേതരപ്രവർത്തനങ്ങൾ വിലയിരുത്തി ഗ്രേസ് മാർക്ക് നൽകണമെന്ന നിർദ്ദേശം നിരാകരിച്ചതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | കുട്ടികളുടെ പഠന പ്രവർത്തനം പഠനാനുബന്ധപ്രവർത്തനങ്ങൾക്ക് മാറ്റി വയ്ക്കുമ്പോൾ ഉണ്ടാകാൻ സാധ്യതയുള്ള പഠനസമയനഷ്ടം പരിഹരിക്കുന്നതി നാണ് ഗ്രേസ് മാർക്ക് വിഭാവനം ചെയ്തിരിക്കുന്നത്. 2020-21 ലെ അക്കാദമിക പ്രവർത്തനങ്ങൾ എല്ലാം തന്നെ ഓൺലൈൻ സംവിധാനത്തി ലാണ് നടത്തിയിട്ടുള്ളത്. പഠനാനു ബന്ധ പ്രവർത്തനങ്ങൾ വകുപ്പ് നേരിട്ട് നടത്തിയിട്ടില്ല. ഈ വർഷത്തെ 10, 12 ക്ലാസ്സുകളിലെ പൊതുപരീക്ഷകൾ ഫോക്കസ് ഏരിയ പ്രഖ്യാപിച്ച് ഫോക്കസ് ഏരിയയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് 110 ശതമാനത്തോളം ചോദ്യങ്ങൾ ഇടുകയും മൊത്തം 200% (ഇരട്ടി മാർക്ക്) ചോദ്യത്തിൽ നിന്ന് കുട്ടികൾക്ക് അവസരം നൽകിയതി നാൽ പരീക്ഷാ മൂല്യനിർണ്ണയത്തിൽ നിന്നും ബഹുഭൂരിപക്ഷം കുട്ടികൾക്കും വളരെ ഉയർന്ന മാർക്ക് ലഭിച്ചിട്ടുള്ളതായി കാണുന്നു. ഗ്രേസ് മാർക്ക് കൂടി നൽകിയാൽ വളരെ വലിയ ശതമാനം കുട്ടികൾ എ പ്ലസ് ഗ്രേഡിലേയ്ക്ക് എത്തുന്നതിനുള്ള സാഹ ചര്യം ഉണ്ടാവുകയും പൊതുപരീക്ഷാ ഫലത്തിൽ യുക്തിസഹമല്ലാത്ത രീതിയിൽ ഉയർന്ന ഗ്രേഡിന്റെ ആധിക്യമുണ്ടാവുകയും ചെയ്യും. |
| (സി) | പ്രസ്തുത തീരുമാനം പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ